**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 3503

08.11.2019-ലെ മറുപടി

**പെരുമ്പഴുതൂർ ഗവൺമെന്റ് പോളിടെക്നിക്**

**ചോദ്യം**

ശ്രീ. കെ ആൻസലൻ

**മറുപടി**

**ഡോ. കെ. ടി. ജലീൽ**

(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2019-20 ലെ ബജറ്റിൽ ടോക്കൺ ഫണ്ട് അനുവദിച്ച പെരുമ്പഴുതൂർ ഗവൺമെന്റ് പോളിടെക്നിക് നിർമ്മാണത്തിന് ഡി.പി.ആർ. പ്രകാരം ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2019-20 ലെ ബജറ്റിൽ ടോക്കൺ ഫണ്ട് അനുവദിച്ച ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അക്കാഡമിക് കെട്ടിടനിർമ്മാണത്തിനായി തിരുവനന്തപുരം പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ തയ്യാറാക്കിയ 350/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിച്ചു വരുന്നു. |
| (ബി) | എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് പ്രസ്തുത പോളിടെക്നിക്കിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | 350 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ആണ് പ്രസ്തുത പോളിടെക്നിക്കിന്റെ നിർമ്മാണപ്രവൃത്തിയ്ക്ക് ഉൾക്കൊള്ളിച്ചിട്ടുള്ളത് |
| (സി) | നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |

Manoj M

സെക്ഷൻ ഓഫീസർ